പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3835

17.10.2011 ൽ മറുപടിയ്ക്ക്.

## പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ സഹായങ്ങൾ

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | മറുപടി<br>ശ്രീമതി പി കെ ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപെടുന്ന രോഗികൾക്ക് സർക്കാരിൽ നിന്ന് എന്തെല്ലാം ചികിത്സാ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിന് കേന്ദ്ര സർക്കാറിൽ നിന്നും ലഭിച്ചിട്ടുള്ള 10 കോടി രൂപ വിനിയോഗിച്ച് ഒരു സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 14 ജില്ലാ ആശുപത്രികൾ, 5 മെഡിക്കൽ കോളേജുകൾ, 2 കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജുകൾ, മലബാർ കാൻസർ സെന്റർ, റീജ്യണൽ കാൻസർ സെന്റർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി, എന്നിവിടങ്ങളിൽ എത്തുന്ന പട്ടികവർഗ്ഗത്തിൽപ്പെടുന്ന രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി തുക അനുവദിച്ചു നൽകിവരുന്നു. രോഗ ബാധിതരായ പട്ടികവർഗ്ഗക്കാരെ ആശുപത്രികളിൽ എത്തിക്കുന്നതിനും അവരെ മറ്റൊരു ആശുപത്രിയിലേക്കു മാറ്റുന്നതിനും, ആവശ്യമായ അവസരങ്ങളിൽ രോഗികളെ വീട്ടിൽ എത്തിക്കുന്നതിനും ആംബുലൻസ് സൗകര്യം അനുവദനീയമാണ്. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗരോഗികൾക്കും 10,000/- രൂപ വരെ സൗജന്യ ചികിത്സ ലഭ്യമാണ്. 10,000/- രൂപയ്ക്കു മുകളിലുള്ള ചികിത്സ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗരോഗികൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 50000/- രൂപ വരെ ചിലവാകുന്ന കേസുകൾ ആശുപത്രി വികസന സമിതിയും അതിനു മുകളിൽ വരുന്ന കേസുകളിൽ ചികിത്സാസഹായം സർക്കാർതലത്തിലും അനുവദിച്ചു വരുന്നു. രോഗിയുടെ സഹായത്തിന് നിൽക്കുന്ന ഒരാൾക്ക് പ്രതിദിനം 50 രൂപ വരെ ആശുപത്രി ക്യാന്റീനിൽ നിന്നും ഭക്ഷണത്തിനായി നൽകുന്നതിനും വ്യവസ്ഥയുണ്ട്.. ഇത് കൂടാതെ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ദീർഘകാല ചികിത്സക്കായി പരമാവധി 25,000/- രൂപ വരെ ധനസഹായമായി നൽകിവരുന്നു. ഇതിൽ തന്നെ അടിയന്തിര ഘട്ടങ്ങളിൽ ധനസഹായമായി പ്രൊജക്റ്റ് |

| | |
|---|---|
| | ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്ക് 1000/- രൂപയും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് 10,000/- രൂപയിൽ താഴെയും തുക അനുവദിക്കാവുന്നതാണ് . |
| (ബി) ഓരോ സഹായവും ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് 10000/- രൂപ വരെ സൗജന്യ ചികിത്സക്ക് ആശുപത്രി സൂപ്രണ്ടും 10000/-നു മുകളിൽ 50000/- രൂപ വരെ ബന്ധപ്പെട്ട ആശുപത്രി വികസന സമിതിയും അനുവദിച്ചു നൽകി വരുന്നു. 50000/- രൂപക്കു മുകളിൽ ചികിത്സാ ചിലവു വരുന്ന പക്ഷം ഇതിനായി ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറുടെ ശുപാർശ എന്നിവ സഹിതം ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട് സർക്കാർ അനുമതിക്കായി എഴുതുന്നതും സർക്കാർ പ്രസ്തുത അപേക്ഷ പരിശോധിച്ച ശേഷം അനുമതി നൽകുന്നതുമാണ്.<br><br>പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായം ലഭിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറുടെ ശുപാർശ എന്നിവ സഹിതം നിശ്ചിത അപേക്ഷാഫോറത്തിൽ അപേക്ഷ തയാറാക്കി ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർ, പ്രോജക്റ്റ് ഓഫിസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫിസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുകയും, ഇതു പരിശോധിച്ച് 1,000/- രൂപ വരെ ചികിത്സാ ധനസഹായം പ്രോജക്റ്റ് ഓഫിസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫിസർമാർ അനുവദിച്ചു നൽകുകയും 1000/- രൂപക്കു മുകളിൽ 9999/- രൂപ വരെ പട്ടിക വർഗ്ഗ വികസന വകുപ്പു ഡയറക്റ്ററും 25000/- രൂപ വരെ സർക്കാരും വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായം അനുവദിച്ചു വരുന്നു. ഇതിനായുള്ള അപേക്ഷകൾ ബന്ധപ്പെട്ട പ്രോജക്റ്റ് ഓഫിസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫിസർമാർ വഴി പട്ടിക വർഗ്ഗ വികസന വകുപ്പു ഡയറക്റ്റർക്ക് സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ